**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2123** **01-09-2022 - ൽ മറുപടിയ്ക്ക്**

**ഭിന്നശേഷി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് നടപടി**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. യു.എ.ലത്തീഫ്</th><th colspan="2">ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>മഞ്ചേരി മെഡിക്കൽ കോളേജിൽ ഭിന്നശേഷി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ലഭിച്ച അപേക്ഷകൾ തീർപ്പാക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td>(എ)</td><td>ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്</td></tr>
<tr><td>(ബി)</td><td>2016 മുതൽ നാളിതുവരെ എത്ര അപേക്ഷകൾ പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്; ലഭിച്ച അപേക്ഷകളുടെ വർഷം തിരിച്ചുള്ള വിശദാംശം നൽകാമോ;</td><td>(ബി)</td><td>2016 മുതൽ നാളിതുവരെ 4695 സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്.<br><table>
<tr><th>വർഷം</th><th>ലഭിച്ച അപേക്ഷകൾ</th><th>സർട്ടിഫിക്കറ്റ് നൽകിയതിന്റെ എണ്ണം</th></tr>
<tr><td>2016</td><td>828</td><td>612</td></tr>
<tr><td>2017</td><td>478</td><td>233</td></tr>
<tr><td>2018</td><td>1960</td><td>1179</td></tr>
<tr><td>2019</td><td>1520</td><td>1520</td></tr>
<tr><td>2020</td><td>361</td><td>245</td></tr>
<tr><td>2021</td><td>1313</td><td>245</td></tr>
<tr><td>2022</td><td>1060</td><td>298</td></tr>
<tr><td colspan="3">110 സർട്ടിഫിക്കറ്റുകൾ വരും ദിവസങ്ങളിൽ നൽകുന്നതിനായി തയ്യാറാക്കിയിട്ടുണ്ട്.</td></tr>
</table></td></tr>
<tr><td>(സി)</td><td>ഇനി പരിഗണിക്കാൻ എത്ര അപേക്ഷകൾ ബാക്കിയുണ്ട്; എന്ന് മുതലുള്ള അപേക്ഷകളാണ് ഇനി പരിഗണിക്കാനുള്ളത്; വ്യക്തമാക്കുമോ;</td><td>(സി)</td><td>590 അപേക്ഷകൾ പരിഗണിക്കാനുണ്ട്. 2022 ജനുവരി മുതലുള്ള അപേക്ഷകളാണ് ഇനി പരിഗണിക്കാനുള്ളത്. സർട്ടിഫിക്കറ്റുകൾ ആവശ്യമില്ല എന്ന് അറിയിച്ചവർ, നാട്ടിൽ ഇല്ലാത്തവർ, മരണപ്പെട്ടവർ, പല സമയങ്ങളിലായി ഒന്നിലധികം തവണ സമർപ്പിച്ച അപേക്ഷകൾ ബോർഡിൽ ഹാജരാകണമെന്ന് അറിയിച്ചിട്ടും ഹാജരാകാത്തവർ തുടങ്ങി ഏകദേശം 340 അപേക്ഷകൾ പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല</td></tr>
<tr><td>(ഡി)</td><td>മെഡിക്കൽ ബോർഡ് കൂടുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വിശദമാക്കുമോ;</td><td>(ഡി)</td><td>സൂപ്രണ്ട് ചെയർമാനും 5 സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടങ്ങിയ ഒരു പാനലാണ് മഞ്ചേരി മെഡിക്കൽ കോളേജിലെ മെഡിക്കൽ ബോർഡിൽ ഉള്ളത്. ആഴ്ചയിൽ ഒരു ദിവസം മെഡിക്കൽ ബോർഡ് യോഗം ചേർന്ന് അർഹതപ്പെട്ടവർക്ക്</td></tr>
</table>

| | | | |
|---|---|---|---|
| | | | മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് നൽകുന്നുണ്ട്. ലഭിക്കുന്ന അപേക്ഷയുടെ ക്രമത്തിലാണ് ഭിന്നശേഷിക്കാരെ ബോർഡിലേക്ക് വിളിക്കുന്നത്. |
| (ഇ) | അപേക്ഷകൾ അടിയന്തരമായി പരിഗണിച്ച് സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കർശന നിർദേശം നൽകുമോ? | (ഇ) | ലഭ്യമാകുന്ന അപേക്ഷകൾ മുൻഗണനാക്രമത്തിൽ ബോർഡ് പരിഗണിക്കുന്നു. സാധാരണഗതിയിൽ എല്ലാ വ്യാഴാഴ്ചകളിലാണ് മെഡിക്കൽ ബോർഡ് ചേരുന്നത്. ഏകദേശം 80 ഓളം കേസുകളാണ് ബോർഡിൽ പരിഗണിക്കുന്നത്. കോവിഡ് മൂലം ഒരു വർഷത്തോളം മെഡിക്കൽ ബോർഡ് നടക്കാത്തതിനാൽ അപേക്ഷകളുടെ എണ്ണത്തിലുണ്ടായ വർദ്ധന പരിഗണിച്ച് നിലവിൽ സ്പെഷ്യൽ ബോർഡുകൾ സംഘടിപ്പിച്ച് അപേക്ഷകൾ തീർപ്പാക്കുന്നതിനായി ശ്രമിച്ചു വരുന്നു. പ്രധാനപ്പെട്ട പരീക്ഷകൾ. ചികിത്സാ ആവശ്യാർത്ഥം വരുന്ന അപേക്ഷകൾ തുടങ്ങിയവ കാലതാമസമില്ലാതെ പരിഗണിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ